ദൈർഘ്യമുള്ള വിവരസാങ്കേതികവിദ്യ എന്നീ പരിശീലനങ്ങളും വൈവിദ്ധ്യമാർന്ന തൊഴിൽ നൈപുണ്യപരിശീലനവും നൽകുന്നതിലൂടെ അവരെ തൊഴിൽ മേഖലകളിൽ ജോലി നേടാൻ പര്യാപ്തരാക്കുക എന്നതാണ് അസാപ് പദ്ധതിയുടെ ഉദ്ദേശ്യം.

(സി) ഇല്ല.

സീമാറ്റ് കേരളയിൽ നടക്കുന്ന പരിശീലന പരിപാടി

64 (2972) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സീമാറ്റ് കേരളയിൽ നടക്കുന്ന പരിശീലന പരിപാടികളിൽനിന്നും അക്കാഡമിക് സ്റ്റാഫിനെ ഒഴിവാക്കി മുൻ ജീവനക്കാരെക്കൊണ്ട് അവർക്ക് പ്രതിഫലം നൽകി ക്ലാസ്സുകൾ എടുപ്പിക്കുന്നതായും പരിശീലനം സംബന്ധിച്ച രേഖകൾ സംഗ്രഹിച്ചുവയ്ക്കുന്നില്ലായെന്നും പ്രതിഫലം നൽകുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലും വൻ ക്രമക്കേട് നടക്കുന്നതായും അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചത് എന്ന് ഇനം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

സീമാറ്റ്-കേരളയിൽ നടക്കുന്ന പരിശീലനപരിപാടികളിൽ ക്ലാസ് എടുക്കുന്നതിൽനിന്നും മുൻഡയറക്ടർ സ്റ്റാഫിനെ ഒഴിവാക്കിയിരുന്നു. എന്നാൽ ഇപ്പോഴത്തെ ഡയറക്ടർ നിലവിലുള്ള അക്കാഡമിക് സ്റ്റാഫിനെക്കൊണ്ട് പരിശീലന പരിപാടികളിൽ ക്ലാസ് എടുപ്പിക്കുന്നു. മാത്രവുമല്ല, പരിശീലന പരിപാടികളുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആയും അക്കാഡമിക് സ്റ്റാഫ് പ്രവർത്തിച്ചുവരുന്നു. മാനേജ്മെന്റ് പരിശീലനപരിപാടികളിൽ ക്ലാസ് എടുക്കുന്നതിനായി IMG ഫാക്കൽറ്റികളെയും അതാതു മേഖലകളിലെ വിദഗ്ധരെയും നിയോഗിച്ചുവരുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ള റമ്യൂണറേഷനാണ് അവർക്കു നൽകിവരുന്നത്. അവരിൽനിന്നും TDS പിടിച്ച് സർക്കാരിലേക്ക് അടച്ചുവരുന്നു. പരിശീലനം സംബന്ധിച്ചരേഖകൾ അതാതു വൗച്ചറുകളിൽ കൃത്യമായി സംഗ്രഹിച്ചുവയ്ക്കുകയും ഇന്റേണൽ ആഡിറ്റ് ചെയ്തും വരുന്നു. അതത് പരിശീലന പരിപാടികൾക്കുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, തിരുവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോർ, പ്രിമിയർ ഓഫീസ് എക്യൂപ്മെന്റ്സ്, സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly